ഉദ്യോഗസ്ഥന്മാരെയും നിയോഗിച്ചിട്ടുണ്ട്. മേലിൽ റീസർവെ ആധുനിക ഇല ക്ട്രോണിക് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ ഉപയോഗിച്ചു കൃത്യ മായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിച്ചിരുന്നതിനാൽ ഈ ഉപകരണങ്ങൾ ഘട്ടംഘട്ടമായി വാങ്ങുന്നതിന് നടപടികൾ നടന്നുവരുന്നുണ്ട്. എല്ലാ ജില്ലക ളിലും ഈ ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് റീസർവെ പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ പുനരാരംഭിക്കുന്നതാണ്.

കൂടാതെ ആധുനിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും ഉപയോഗിച്ച് സർവെ നടത്തുന്ന വില്ലേജുകളിൽ വസ്തുഉടമകൾക്ക് സൗജന്യമായി വസ്തു വിന്റെ പ്ലാനിന്റെ പകർപ്പ്, ഉടമസ്ഥന്റെ പേര്, വസ്തുവിന്റെ വിസ്തീർണ്ണം, സർവെ നമ്പർ എന്നിവ രേഖപ്പെടുത്തി. സർവെ റിക്കാർഡുകളിൽ ആക്ഷേപം ക്ഷണിച്ചുകൊണ്ട് സർവെ അതിരടയാള നിയമത്തിലെ 9-ാം വകുപ്പു പ്രകാരം റിക്കാർഡുകൾ പ്രസിദ്ധീകരിക്കുമ്പോൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ബി)(സി)(ഡി)&(ഇ) പരിശോധിക്കുന്നതാണ്.

94 (2250) സർവെ വകുപ്പിന്റെ പ്രവർത്തനം

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവെ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമ മാണോ;

(ബി) ജീവനക്കാരുടെ കുറവുമൂലമാണ് സർവെ വകുപ്പിന്റെ പ്രവർ ത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) പെൻഷൻ പറ്റി പിരിയുന്നവർക്ക് പകരം നിയമനം നടത്താത്ത തിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) സബ്സെക്ഷന്റെ ചുമതലയുള്ള ഹെഡ് സർവെയർക്ക് എത്ര സർവെയർ എന്നതാണ് അനുപാതം;

(ഇ) പലേടത്തും ഈ അനുപാതം പകുതിയും അതിനു താഴെയും ആണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് എത്ര ജില്ലകളുടെ റീസർവെ പൂർത്തിയാക്കി യിട്ടുണ്ട്: വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പൂർത്തിയായ രേഖകൾ തുടർ നടപടിയ്ക്കു വിധേയമാക്കാത്ത തിനായ് കാലഹരണപ്പെടുന്നതായ ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(എച്ച്) ഇതു പരിഹരിക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഐ) സർവെ വകുപ്പിനെ സ്വതന്ത്ര വകുപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേ ശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജെ) "ടോറൻസ് സമ്പ്രദായം" ഇപ്പോൾ നിലവിലുണ്ടോ;

(കെ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എൽ) സർവെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാര്യക്ഷമമാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പെൻഷൻപറ്റി പിരിയുന്നവർക്കുപകരം നിയമനം നടത്താൻ പബ്ലിക്ക് സർവീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പബ്ലിക്ക് സർവീസ് കമ്മീഷനിൽ നിന്ന് ലിസ്റ്റ് ലഭിക്കാനുള്ള കാലതാമസം നിമിത്തമാണ് നിയമനം നടത്താത്തത്. ഒഴിവുകൾ താൽക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് ബഹു. ഹൈക്കോടതിയിൽ നിന്ന് ഒരു വിലക്കുണ്ട്. ഇക്കാര്യത്തിൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശം പ്രതീക്ഷിച്ചിരിക്കയുമാണ്.

(ഡി) 1 : 8

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഒരു ജില്ലയിലും റീസർവെ പൂർത്തിയായിട്ടില്ല എന്നാൽ 14 താലൂക്കുകളുടെ റീസർവെ പൂർത്തിയായിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) റിക്കാർഡുകൾ ഫൈനലൈസ് ചെയ്യുന്നതിന് മുമ്പ് നാളതീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) ഉണ്ട്. പരിശോധിച്ചു വരുന്നു.

(ജെ)&(കെ)പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ രണ്ടു രജിസ്ട്രേഷൻ സബ് ഡിസ്ട്രിക്റ്റിൽ (അങ്കമാലിയിലും കോട്ടയം പ്രിൻസിപ്പൽ സബ് ഡിസ്ട്രിക്റ്റിലും) 30-3-95-ൽ "ടോറൻസ് സമ്പ്രദായം" ഏർപ്പെടുത്തി. എന്നാൽ ഈ സമ്പ്രദായത്തിനെതിരെ ധാരാളം പരാതികൾ ലഭിക്കാനിടയായതിനാൽ 10-ാം കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ 28-8-97-ലെ ജി.ഒ. (എം.എസ്) 686/97/ആർ.ഡി ഉത്തരവു പ്രകാരം "ടോറൻസ് സമ്പ്രദായം" നിർത്തൽ ചെയ്തു. ഈ സർക്കാർ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവു നേടുകയും ചെയ്തു. ഈ കേസിൽ സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(എൽ) സർവെ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

95 (2251) റീസർവെ സംബന്ധിച്ച പരാതികൾ

<u>ശ്രീ. മാത്തൻ മത്തായി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവെ സംബന്ധിച്ച ധാരാളം പരാതികൾ ഉണ്ടായിട്ടുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly